**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | ജി.ഒ.(ആർ.റ്റി.)നം.101/2020/സി.എ.ഡി. പ്രകാരം ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 02.02.2021 ലെ അഞ്ചാം നമ്പറായുള്ള സർക്കാർ ഗസ്റ്റിൽ പ്രസിദ്ധീകരിച്ചതിന് ശേഷം അന്തിമ വിജ്ഞാപനത്തിനുള്ള എന്തെല്ലാം നടപടികളാണ് പുരവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു എങ്കിലും ടി വിഷയത്തിൽ ബഹു.കേരള ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന കേസിലെ ഇടക്കാല വിധി അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) | അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു എങ്കിലും ടി വിഷയത്തിൽ ബഹു.കേരള ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന കേസിലെ ഇടക്കാല വിധി അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. |
| (സി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ഡോ. രാഘവൻ എന്ന വ്യക്തി ബഹു.കേരള ഹൈക്കോടതി മുമ്പാകെ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചതിനെതിരെ ഫയൽ ചെയ്ത WP(C) No. 19497/2021-ൽ ബഹു.കോടതി 20.09.2021 ൽ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻ പ്രകാരം മേൽ കേസിന്റെ അന്തിമ വിധി വരെ ടി വിഷയത്തിൽ തൽസ്ഥിതി തുടരുന്നതിന് കോടതി ഉത്തരവായിട്ടുണ്ട്. ഈ കേസിൽ പുരാവസ്തു വകുപ്പ് ബഹു.കോടതി മുമ്പാകെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോഴും ബഹു.കോടതിയുടെ പരിഗണനയിൽ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ